**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5870** **25-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സംരംഭ വികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |

(എ) സംരംഭ വികസന പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സംരംഭ വികസന പദ്ധതിയുടെ ഭാഗമായി പൊതു ബോധവത്കരണ പരിശീലനം (GOT), സംരംഭകത്വ ബോധവത്കരണ പരിപാടി (EAP), സംരംഭകത്വ വികസന പരിപാടി (EDP), സംരംഭക സഭ/ ലോൺ, ലൈസൻസ് സബ്സിഡി മേളകൾ എന്നീ പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും വ്യവസായ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് സംരംഭകരിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നിന്നും GOT യ്ക്ക് 257 പേരും EAP യ്ക്ക് 30 പേരും, സംരംഭക സഭയ്ക്ക് 261 പേരും EDP യ്ക്ക് 5 പേരും പങ്കെടുത്തിരുന്നു. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തിലും എന്റർപ്രണർ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ (EDE) നിയമിക്കുകയും ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ഈ സർക്കാരിന്റെ കാലത്ത് പൂഞ്ഞാർ നിയോജക നണ്ഡലത്തിൽ സംരംഭങ്ങൾക്കായി അനുവദിച്ച് നൽകിയിരുന്ന ധനസഹായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച യൂണിറ്റുകളുടെ എണ്ണം | പദ്ധതി പ്രകാരം നൽകിയ തുക (ലക്ഷത്തിൽ) |
|---|---|---|
| ESS | 1 | 1.13 |
| OFOE | 9 | 2.44 |
| MMG to Nano | 6 | 23.05 |
| PMEGP | 45 | 153.21 |
| PMFME | 12 | 20.76 |
| ആകെ | 73 | 200.59 |

(ബി) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ

(ബി) പൂഞ്ഞാർ മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷം 897 സംരംഭങ്ങളും 2023-24 സാമ്പത്തിക വർഷം 750 സംരംഭങ്ങളും

| | | | |
|---|---|---|---|
| | എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | | 2024-25 സാമ്പത്തിക വർഷം നാളിതുവരെ 786 സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ